**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1663** **13-02-2025 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ KITCOസമർപ്പിച്ച പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനായാണ് 2021 ൽ 9.27 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി ലഭിച്ചിരുന്നത്. എന്നാൽ അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കാനുള്ള സാധ്യതയുള്ളതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കിഫ്ബിയുടെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും സംയുക്ത യോഗത്തിൽ കോളേജ് ക്യാമ്പസിൽ മറ്റെവിടെയെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് KITCO യ്ക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ KITCO -യുടെയും കോളേജ് അധികൃതരുടെയും സംയുക്ത പരിശോധനയിൽ കെട്ടിട നിർമ്മാണത്തിനായുള്ള മറ്റൊരു സ്ഥലം കണ്ടെത്തുകയും പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടിയും വന്നു.ടി കാരണത്താലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്.പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിശോധനകൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നോ; എങ്കിൽ യോഗ തീരുമാനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ KITCOസമർപ്പിച്ച പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനായാണ് 2021 ൽ 9.27 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി ലഭിച്ചിരുന്നത്. എന്നാൽ അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കാനുള്ള സാധ്യതയുള്ളതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കിഫ്ബിയുടെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും സംയുക്ത യോഗത്തിൽ കോളേജ് ക്യാമ്പസിൽ മറ്റെവിടെയെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് KITCO യ്ക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ KITCO - യുടെയും കോളേജ് അധികൃതരുടെയും സംയുക്ത പരിശോധനയിൽ കെട്ടിട നിർമ്മാണത്തിനായുള്ള മറ്റൊരു സ്ഥലം കണ്ടെത്തുകയും പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടിയും വന്നു.ടി കാരണത്താലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്.പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിശോധനകൾ പുരോഗമിച്ച് വരുന്നു. |
| (സി) | പദ്ധതി തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ KITCOസമർപ്പിച്ച പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനായാണ് 2021 ൽ 9.27 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി ലഭിച്ചിരുന്നത്. എന്നാൽ അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കാനുള്ള സാധ്യതയുള്ളതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കിഫ്ബിയുടെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും സംയുക്ത യോഗത്തിൽ കോളേജ് ക്യാമ്പസിൽ മറ്റെവിടെയെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പദ്ധതി തയ്യാറാക്കുന്നതിന് KITCO യ്ക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ KITCO - യുടെയും കോളേജ് അധികൃതരുടെയും സംയുക്ത പരിശോധനയിൽ കെട്ടിട നിർമ്മാണത്തിനായുള്ള മറ്റൊരു സ്ഥലം കണ്ടെത്തുകയും പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടിയും വന്നു.ടി കാരണത്താലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്.പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിശോധനകൾ പുരോഗമിച്ച് വരുന്നു. |
| (ഡി) | സാങ്കേതിക നടപടികൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കിഫ്ബിയുടെ അനുമതി ലഭ്യമാക്കിയ ശേഷം പുതുക്കിയ സാമ്പത്തിക അനുമതിയും സാങ്കേതിക അനുമതിയും കൂടി ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ